**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല**

**പ്രവചന കാലയളവ് 24.06.2023 മുതൽ 28.06.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 25/2023,(50) വെള്ളിയാഴ്ച്ച | തീയ്യതി 23/06/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 ജൂൺ 17 മുതൽ ജൂൺ 23 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2023 ജൂൺ 24 മുതൽ ജൂൺ 28 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 17/06 | 18/06 | 19/06 | 20/06 | 21/06 | 22/06 | 23/06 | തീയ്യതി | | 24/06 | 25/06 | 26/06 | 27/06 | 28/06 |
| 10.4 | 26.1 | 9.4 | 8.5 | 0.0 | 0.8 | 0.2 | മഴ (മില്ലീമീറ്റർ) | | 7 | 6 | 5 | 6 | 20 |
| 32.5 | 31.1 | 31.9 | 32.1 | 31.4 | 31.4 | 31.5 | ഉയർന്ന താപനില (°C) | | 32 | 32 | 32 | 30 | 30 |
| 24.5 | 24.1 | 24.0 | 24.6 | 24.4 | 24.3 | 25.0 | കുറഞ്ഞ താപനില (°C) | | 25 | 25 | 25 | 24 | 24 |
| Cloudy | Cloudy | Partially Cloudy | Cloudy | Partially Cloudy | Partially Cloudy | Partially Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Overcast | Overcast | Cloudy | Overcast | Overcast | Cloudy | | PM | | | | | | |
| 95 | 96 | 95 | 96 | 97 | 97 | 91 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 92 | 89 | 90 | 91 | 93 |
| 74 | 65 | 71 | 82 | 86 | 75 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 72 | 72 | 72 | 71 | 76 |
| 2.1 | 1.2 | 1.8 | 1.4 | 0.9 | 1.1 | 1.3 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 4 | 3 | 5 | 3 | 4 |
| C | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WNW | NW | NW | WNW | SSW |
| WSW | S | WSW | NNW | NNW | SSW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 55.4 | 317.1 | 317.1 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് – വിരിപ്പ് (ഞാറ് പരുവം) | ഇലപ്പേൻ | നെല്ലിലെ ഇലപ്പേനിനെ നിയന്ത്രിക്കാനായി ഇമിടാക്ലോപ്രിഡ് 2 മുതൽ 3 മി.ലി. അല്ലെങ്കിൽ തയോമേതോക്സാം 2 മുതൽ 4 ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽചേർത്ത് കുളിർക്കെതളിക്കുക. ഇലപ്പുള്ളിരോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയക്കവിധം കുളിർക്കെതളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. |
| കവുങ്ങ് | മഹാളി | കവുങ്ങിലെ മഹാളി രോഗത്തിന് പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് 45 ദിവസത്തെ ഇടവേളകളിൽ തളിച്ചു കൊടുക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. പൂർണ്ണമായും രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കാവുന്നതാണ്. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. |

മൃഗസംരക്ഷണം:- ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS KVASU, Mannuthy).